## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2890

10.03.2017-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി സംഘങ്ങളിലൂടെ മായം ചേർക്കാത്ത മത്സ്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യങ്ങളിൽ മാരകമായ കീടനാശിനിയും അമോണിയയും ചേർത്ത് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഇത് തടയുന്നതിനായി എല്ലാ ജില്ലയിലും ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരേയും, ഭക്ഷ്യ സുരക്ഷാ വിഭാഗത്തിലെ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സ്ക്വാഡുകൾ അതാത് ജില്ലകളിലെ മാർക്കറ്റുകൾ, ഹാർബറുകൾ, ഫിഷ്ലാന്റിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ ലാബുകളിൽ പരിശോധിക്കുകയും, ദോഷകരമായ വസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | മിൽമയുടെ മാതൃകയിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയിലൂടെ മായം ചേർക്കാത്ത മത്സ്യം ജനങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യം ആലോചിക്കുമോ? | (ബി) | മത്സ്യഫെഡ് വഴി തീരദേശത്തെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ സഹകരണത്തോടെ നേരിട്ട് ഹാർബറുകളിൽ നിന്നും, ഫിഷ്‌ലാന്റിംഗ് സെന്ററുകളിൽ നിന്നും ഗുണമേന്മയോടെ പച്ച മത്സ്യം ശേഖരിക്കുകയും ആയത് മാർക്കറ്റുകളിൽ ഗുണമേന്മ ചോരാതെ എത്തിച്ച് അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ മുഖേന വിൽപന നടത്തുന്ന സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനുമുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ